## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.588 05.06.2018-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ-യിലെ പെൻഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യിലെ ജീവനക്കാർക്ക് ഇപ്പോൾ ഏതുതരം പെൻഷനാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇയിലെ ജീവനക്കാർക്ക് ഇ.പി.എസ് 95 പ്രകാരമുള്ള പെൻഷൻ ലഭിച്ചുവരുന്നു. |
| (ബി) | ജീവനക്കാർക്ക് പ്രത്യേക പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി നിലവിലുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.എഫ്.ഇ ജീവനക്കാരുടെ പെൻഷൻ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട റിട്ട് പെറ്റീഷൻ നമ്പർ 11133/2007 ൽ ബഹു.ഹൈക്കോടതി 30.03.2007 ൽ പുറപ്പെടുവിച്ച വിധിപ്രകാരം പെൻഷൻ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കണമെന്ന് കമ്പനിയുടെ ഡയറക്ടർ ബോർഡിനു നിർദ്ദേശം നൽകുകയും, 13.07.2007 ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ ഇത് പരിഗണിക്കുകയും സ്വയം നിയന്ത്രിത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കമ്പനിയുടെ അന്നത്തെ അവസ്ഥയിൽ സാധ്യമല്ലയെന്ന് തീരുമാനിക്കുകയും ചെയ്തു. |
| (സി) | കോടതി വിധി പ്രകാരം എല്ലാ ജീവനക്കാർക്കും പെൻഷൻ നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഏതാനും ജീവനക്കാർക്ക് മാത്രമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം വിശദമാക്കാമോ; | (ഡി) | ഉണ്ട്. ഇ.പി. എസ്95 പെൻഷൻ പദ്ധതി പ്രകാരം ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹു.ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് ഉയർന്ന പെൻഷൻ ലഭിച്ചുവരുന്നുണ്ട്. |
| (ഇ) | മുഴുവൻ ജീവനക്കാർക്കും ഉയർന്ന നിരക്കിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | 01.09.2014 ന് മുൻപ് വിരമിക്കുകയും ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹു.ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ പെൻഷൻ ലഭിച്ചുവരുന്നുണ്ട്. 01.09.2014 ന് ശേഷം വിരമിച്ചവർക്ക് |

| | | | |
|---|---|---|---|
| | | | ഉയർന്ന പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച ഹർജികൾ കോടതിയിൽ നിലനിൽക്കുന്നുണ്ട്. കോടതിവിധി പ്രകാരമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. 01.09.2014 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും 15000/- രൂപയിൽ കൂടുതൽ വേതനം ഉള്ളവരും ആയ ജീവനക്കാർക്ക്ഇ.പി.എസ് 95 പദ്ധതിയിൽ അംഗങ്ങളാവാൻ ഇ.പി.എഫ് നിയമം അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ